(സി) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ബാധകമല്ല.

(ഇ) ഏറ്റവും ഒടുവിൽ വാങ്ങിയ ഓഫ് സെറ്റ് അച്ചടി യന്ത്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ എംപ്ലോയ്മെന്റ് സഹകരണ സംഘം

48 (2923) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ എംപ്ലോയ്മെന്റ് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചതെന്നാണ് ;

(ബി) ഈ സംഘത്തെ ഡെപ്യൂട്ടി സൂപ്രണ്ട് ഉൾപ്പെടെ ഏതാനും മേലുദ്യോഗസ്ഥന്മാർ നശിപ്പിക്കുവാൻ ശ്രമിക്കുന്നതായി നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ;

(സി) നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-8-1997-ൽ

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് തടസ്സപ്പെടുത്തുന്നു എന്നാരോപിച്ചുകൊണ്ട് ഷൊർണ്ണൂർ. ഗവൺമെന്റ് പ്രസ്സ് എംപ്ലോയ്മെന്റ് യൂണിയന്റെ ഒരു പരാതി 22-1-2000-ൽ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതി അച്ചടി വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം

49 (2924) ശ്രീ. കെ. അച്ചുതൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ എത്ര ജീവനക്കാർ ഉണ്ട് ;

(ബി) പ്രസ്തുത പ്രസ്സ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) ഈ പ്രസ്സിന്റെ ഉൽപ്പാദനക്ഷമതയ്ക്ക് കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ; ഇക്കാര്യത്തിൽ അവിടുത്തെ ഉയർന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും പങ്ക് ഉള്ളതായി അറിയാമോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ഡി) കാര്യക്ഷമതയ്ക്ക് ഭംഗം വരുത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ മേധാവി ആരാണ് ;

(എഫ്) ആ തസ്തികയിൽ നിയമനം ലഭിക്കുവാൻ ആവശ്യമായ യോഗ്യതകൾ എന്തെല്ലാമാണ് ;

(ജി) പ്രസ്തുത പ്രസ്സിന്റെ ഇപ്പോഴത്തെ മേലധികാരിക്ക് ഈ യോഗ്യത കളെല്ലാമുണ്ടോ ;

(എച്ച്) പ്രസ്തുത ഉദ്യോഗസ്ഥൻ എത്ര നാളായി ഈ തസ്തികയിൽ സേവനമനുഷ്ഠിക്കുന്നു ;

(ഐ) അദ്ദേഹത്തെപ്പറ്റി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ജെ) എങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) 274 (ഇരുന്നൂറ്റി എഴുപത്തി നാല്)

(ബി) ഷൊർണ്ണൂർ പ്രസ്സിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്സ് ആധുനികവൽക്കരിച്ചിട്ടുണ്ട്. ഡി. ടി. പി. ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ക്യാമറ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡി. റ്റി. പി. യിൽ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു.

(സി) ഉൽപ്പാദനക്ഷമതക്കുറവ് ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. കെ. പി. പ്രഭാകരനാണ്.

(എഫ്) 1. എസ്. എസ്. എൽ. സി.

2. എൽ. പി. റ്റി/ഡി. റ്റി. പി. ഈ യോഗ്യതകൾ ഇല്ലാത്തപക്ഷം എം. ജി. റ്റി. ഇ./ കെ. ജി. റ്റി. ഇ (കംപോസിംഗ് മെഷീൻവർക്ക്, ബുക്ക് ബൈയന്റിംഗ് എന്നിവയിൽ ഏതെങ്കിലും ഹയർ പാസ്സായിരിക്കണം.

3. ഏതെങ്കിലും അംഗീകൃത പ്രിന്റിംഗ് പ്രസ്സിൽ അഞ്ച് വർഷത്തിൽ കുറയാത്ത സേവന പരിചയം ഉണ്ടായിരിക്കണം.

4. അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായിരിക്കണം.

(ജി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 26-10-1998 മുതൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നു.

(ഐ) ഉണ്ട്.

(ജെ) പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ പ്രവർത്തനം

50 (2925) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ട്രേഡു യൂണിയൻ പ്രവർത്തകരോടുള്ള പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിച്ച് പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ ഒഴിവുകൾ

51 (2926) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അച്ചടി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ തസ്തികകൾ ആണ് നിലവിൽ ഉള്ളത് ;

(ബി) പ്രസ്തുത തസ്തികയിൽ എപ്പോഴെല്ലാം ആണ് ഒഴിവ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഇ) കാലാവധി തീരുന്നമുറയ്ക്ക് പ്രസ്തുത തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly